## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4756 18-12-2014 -ൽ മറുപടിക്ക്

### വരൾച്ചമൂലമുള്ള പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. മോയിൻ കുട്ടി<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും കുടിവെള്ള ദൌർലഭ്യത്തിന് പരിഹാരമായും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കാമോ; | എ) | വരൾച്ച മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനായി 18.02.2014 ലെ 11050/k3/2012/DMD നം. സർക്കാർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുകിണറുകൾ ഉൾപ്പെടെയുള്ള ജല സംഭരണികൾ ചെളി മാറ്റി ഉപയോഗ യോഗ്യമാക്കുക, നിലവിലുള്ള കുടിവെള്ള പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് ശക്തിപ്പെടുത്തുക, ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവൃത്തികൾ ഇതിലുൾപ്പെടുന്നു. അനധികൃതമായി കുടിവെള്ളം ഊറ്റുന്നവർക്കെതിരെയും കുടിവെള്ള ദുരുപയോഗം ചെയ്യുന്നവർക്കെതിരെയും നടപടി സ്വീകരിക്കു ന്നതിനും വരൾച്ചാ പ്രതിരോധ പ്രവർത്തന ങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരി ക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല ദുരുപയോഗം കുറയ്ക്കുക, പുനർ വിനിയോഗം എന്നിവയ്ക്കും ഊന്നൽ നൽകുകയും കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ളതും വരൾച്ച ബാധിതമായിട്ടുള്ളതുമായ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് / ബ്ലോക്ക് / ജില്ലാതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ, ജില്ലയിലെ എം.എൽ.എ.മാർ, എം.പി.മാർ മറ്റ് ഡിപ്പാർട്ടുമെന്റിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ജില്ലാതലത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ എല്ലാ വർഷവും കുടിവെള്ളക്ഷാമം പതിവായി അനുഭവിക്ക പ്പെട്ടുവരുന്ന 1500 കേന്ദ്രങ്ങളിൽ വാട്ടർ |

<table>
<tr><td></td><td></td><td></td><td>കിയോസ്കുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലയിലും ഇത്തരത്തിലുള്ള പ്രവൃത്തി നടന്നു വരുന്നു.</td></tr>
<tr><td>ബി)</td><td>ജില്ലാ ഭരണകൂടത്തിന് ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളെന്തെങ്കിലും നൽകിയിട്ടുണ്ടോ; വരൾച്ചാപ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളെന്തെങ്കിലും ജില്ലാ കളക്ടർമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;</td><td>ബി)</td><td>18.02.2014 ലെ 11050/k3/2012/DMD നം. സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.</td></tr>
<tr><td>സി)</td><td>വരൾച്ച നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകൾക്ക് എത്ര വീതം ഫണ്ടനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ;</td><td>സി)</td><td><table>
<tr><th>ജില്ല</th><th>അനുവദിച്ച തുക</th></tr>
<tr><td>തിരുവനന്തപുരം</td><td>8,73,50,000</td></tr>
<tr><td>കൊല്ലം</td><td>3,51,50,000</td></tr>
<tr><td>പത്തനംതിട്ട</td><td>3,65,60,000</td></tr>
<tr><td>ആലപ്പുഴ</td><td>7,51,50,000</td></tr>
<tr><td>കോട്ടയം</td><td>4,52,20,000</td></tr>
<tr><td>ഇടുക്കി</td><td>7,05,00,000</td></tr>
<tr><td>എറണാകുളം</td><td>7,66,50,000</td></tr>
<tr><td>തൃശ്ശൂർ</td><td>3,51,50,000</td></tr>
<tr><td>പാലക്കാട്</td><td>7,77,50,000</td></tr>
<tr><td>മലപ്പുറം</td><td>8,51,50,000</td></tr>
<tr><td>കോഴിക്കോട്</td><td>6,27,50,000</td></tr>
<tr><td>വയനാട്</td><td>4,01,50,000</td></tr>
<tr><td>കണ്ണൂർ</td><td>6,01,50,000</td></tr>
<tr><td>കാസർഗോഡ്</td><td>4,07,50,000</td></tr>
<tr><td>ആകെ</td><td>82,84,30,000</td></tr>
</table></td></tr>
<tr><td>ഡി)</td><td>വരൾച്ചാദുരിതം ഏറെ അനുഭവിക്കുന്ന മലബാർ മേഖലയ്ക്ക് പ്രത്യേക സഹായം അനുവദിക്കുമോ?</td><td>ഡി)</td><td>ജില്ലാ കളക്ടർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ ലഭ്യതയ്ക്കനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും വരൾച്ച അനുഭവിക്കുന്ന എല്ലാ മേഖലകൾക്കും ധനസഹായം അനുവദിച്ചു വരുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ